# P M S A M AUPS KARATHODE



# New Visions and Missions 2025-26

## **അക്കാദമിക്**

## **മാസ്റ്റർ പ്ലാൻ**

പി.എം.എസ്.എ.എം.എ .യു.പി.എസ് കാരാത്തോട്

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധഘട്ടങ്ങൾ

6. സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ ( മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിറ്ററിംഗ്

11. ഉപസംഹാരം

## അനുബന്ധം

a) വിദ്യാലയത്തിന്റെ സ്കെച്ച്, പ്ലാൻ

b) വിദ്യാലയത്തിന്റെ പഴയകാല കെട്ടിടം- ചിത്രം

c) മികവുകൾ നേട്ടങ്ങൾ (നടപ്പ വർഷം, മുൻവർഷം)

d) കുട്ടികളുടെ എണ്ണം ( മുൻവർഷങ്ങളിൽ)

e ) നിലവിലുള്ള കമ്മറ്റികൾ, അംഗങ്ങളുടെ പട്ടിക.

# വിദ്യാലയം അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : പി.എം.എസ്.എ.എം. എ. യു. പി സ്കൂൾ കാരാത്തോട്

   വിലാസം : ഊരകം മേൽമുറി .പി.ഒ, മലപ്പുറം

   ഫോൺ : 04832836261
2. സ്കൂൾ കോഡ് : 19879
3. വിദ്യാഭ്യാസ ഉപജില്ല : വേങ്ങര
4. വിദ്യാഭ്യാസ ജില്ല : തിരൂർ
5. റവന്യൂജില്ല : മലപ്പുറം
6. ബി.ആർ.സി : വേങ്ങര
7. സി.ആർ.സി : ജി. എൽ. പി.എസ്. ഒ.കെ. മുറി
8. ഗ്രാമ പഞ്ചായത്ത് : ഊരകം
9. ബ്ലോക്ക് പഞ്ചായത്ത് : വേങ്ങര
10. ജില്ലാപഞ്ചായത്ത് : മലപ്പുറം
11. നിയമസഭാമണ്ഡലം : വേങ്ങര
12. ലോകസഭാമണ്ഡലം : മലപ്പുറം
13. താലൂക്ക് : തിരൂരങ്ങാടി
14. വില്ലേജ് : ഊരകം
15. സ്കൂൾ സ്ഥിതി ചെയ്യുന്ന വാർഡ്: വാർഡ് 10
16. ഇ. മെയിൽ :pmsamaupskarathod2015@gmail.com

# ആമുഖം

വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിന്നിരുന്ന ഒരു പ്രദേശ മായിരുന്നു ഊരകം. അതിന്റെ ഏതാണ്ട് ഒരറ്റത്തായി സ്ഥിതി ചെയ്യുന്ന കാരാത്തോട് എന്ന ഗ്രാമത്തിലാണ് പി.എം.എസ്.എ.എം.എ.യു.പി സ്കൂൾ എന്ന നാമധേയത്തിൽ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. കാരാ ത്തോടിന്റെ ഒരുഭാഗത്തിന്റെ അതിരു നിർണ്ണയിക്കുന്നത് കടലുണ്ടിപ്പുഴയും മറുഭാഗത്ത് പ്രകൃതി രമണീയമായ ഊരകം മലയുമാണ്.

കടലുണ്ടിപ്പുഴയിലേക്ക് ചേരുന്ന ഒരു തോട് ഇന്നും ഇവിടെ കാണാം. ഈ തോടിന്റെ കരയായതുകൊണ്ട് 'കര'-'തോട്' എന്നീ ഭാഗങ്ങൾ ചേർന്ന് 'കരാത്തോട്' എന്ന പേരുണ്ടായെന്നും അതല്ല, പണ്ട് ഈ തോട്ടിലൂടെ പുഴ യിൽ നിന്നും ധാരാളം മീനുകൾ കേറിവരുമായിരുന്നെന്നും, അവയെ പിടിക്കാൻ നിരവധിപേർ എത്തുമായിരു ന്നെന്നും അറിവുണ്ട്. അങ്ങനെ ഇവിടെ പ്രസിദ്ധനായ ഒരു തങ്ങൾ, മീൻ പിടിക്കുന്നവരോട് കുറച്ച് മീൻ ആവശ്യപ്പെട്ടെന്നും അവർ നൽകിയില്ല എന്നു മാണ് കഥ. നിരാശനായ തങ്ങൾ ഇനി ഇവിടെ മീൻ കേറാത്ത തോടാകെട്ടെയെന്ന് തമാശയായി പറഞ്ഞുവത്രെ അങ്ങനെ മീൻ കേറാതോട് കാരാത്തോടായി മാറി എന്നാണ് ഐതിഹ്യം.

പാർശ്വവൽക്കരിക്കപ്പെടുന്നവന്റെ മുന്നിൽ ആശ്വാസത്തിന്റെ തെളി നീരായി കടന്നു ചെന്ന പുതിയ മാളിയേക്കൽ സൈതലവി കോയ തങ്ങൾ എന്ന മഹാന്റെ നാമധേയത്തിലാണ് ഈ വിദ്യാലയം അറിയപ്പെടുന്നത്. അതെപോലെ പല പ്രമുഖരുടേയും ജന്മം കൊണ്ട് അനുഗ്രഹീതമാണ് ഊരകം ഗ്രാമം. അതിൽ മലയാളത്തിന്റെ മഹാകവി ശ്രീ. വി.സി. ബാലകൃഷ്ണപ്പണിക്കർ വരെ വരുന്നുണ്ട് എന്നതിൽ നമുക്കഭിമാനിക്കാം!

കാർഷിക വൃത്തിയിലൂടെ ലഭിക്കുന്ന വരുമാനം അടിസ്ഥാനമാക്കി ജീവിതം കരുപ്പിടിച്ചവരാകുന്നു ഇവിടുത്തെ ഗ്രാമീണർ. എന്നാൽ ഇന്ന് കാലത്തിനൊപ്പം ഈ ഗ്രാമവും വികസിച്ചിരിക്കുന്നു. സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായി ഏതൊരു മലയാളിയും എത്തിപ്പിടിക്കുന്ന മേഖലകളിൽ തുല്യമായി കടന്നു കയറാൻ പ്രാപ്തരാണ് ഇന്ന് ഇവിടുത്തെ ജനത എന്നത് അഭിമാനകരമാണ്.

മതപരമായ വിശ്വാസങ്ങൾക്കൊപ്പം മതനിരപേക്ഷത എന്ന ആശയം ഇവരിൽ വേണ്ടത്ര ഉണ്ടായി എന്നതിന്റെ തെളിവാണ് ഊരകത്തെ അമ്പലം കുന്നും, പുളാപ്പീസിലെ ക്രിസ്തീയ ദേവാലയവും നിരവധി മുസ്ലിം പള്ളികളും ചേരുന്ന ഈ ഗ്രാമത്തിന്റെ മതപരമായ ഐക്യം !

ഇത്തരം ഐക്യത്തോടെയുള്ള ജീവിതം നിലനിർത്താൻ ഒരുപക്ഷെ ഇവരെ സഹായിച്ചതും പഠിപ്പിച്ചതും പൊതു വിദ്യാഭ്യാസത്തിൻന്റെ കാഴ്ച്ച പ്പാടിൽ നിന്ന് കൊണ്ട് പ്രവർത്തിക്കുന്ന നമ്മുടെ വിദ്യാലയം പോലുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച മൂല്യങ്ങളും മനോഭാവങ്ങളുമായിരിക്കാം. ഇതുപോലെ ഒരു സമൂഹത്തിന്റെ നല്ല നിർമ്മിതിയ്ക്ക് എല്ലാ പിൻതുണയും നൽകുന്നതാകാൻ എല്ലാ വിദ്യാലയങ്ങൾക്കും കഴിയുമ്പോൾ, വിദ്യാഭ്യാ സത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ സഫലീകരിക്കുകയാണ് ചെയ്യുന്നത്.

അങ്ങനെയുള്ള ഒരു മുന്നേറ്റത്തിലേക്ക് എല്ലാ പൊതു വിദ്യാലയങ്ങളേയും എത്തിക്കുക എന്ന ലക്ഷ്യത്തോടെ, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം അതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ ഓരോ സ്കൂളുകളും എങ്ങനെ പ്രവർത്തിക്കണമെന്ന് തീരുമാനിക്കാൻ തയ്യാറാക്കുന്ന സമഗ്രമായ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ലക്ഷ്യങ്ങളും നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളുമാണ് നാം ഈ പ്ലാനിലൂടെ ചർച്ച ചെയ്യുന്നത്.

# ലക്ഷ്യങ്ങൾ

- വിദ്യാലയം അറിവിന്റേയും മികവിന്റേയും കേന്ദ്രമാക്കി വളർത്തി ഗുണമേന്മാ വിദ്യാലയം ഉറപ്പ് വരുത്തുക.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- ഓരോ ക്ലാസ് അടിസ്ഥാനത്തിലും, വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നട പ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ.
- അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും രസകരവുമാക്കുന്ന തിന് ഉപകരിക്കുന്ന വിധത്തിലുള്ള വ്യത്യസ്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന്.
- 
- ജനാധിപത്യ ബോധവും സാമൂഹ്യ ബോധവുമുള്ള ഒരുതലമുറയെ സൃഷ്ടിച്ചെടുക്കാനും അവരെ സാമൂഹ്യ പ്രതിബന്ധതയുള്ളവരാക്കി മാറ്റാനും കഴിയുന്ന രൂപത്തിൽ വിദ്യാഭ്യാസ. അന്തരീക്ഷ മാറ്റിയെടുക്കുക

# വിദ്യാലയത്തിന്റെ ലഘുചരിത്രം

പരപ്പനങ്ങാടി - മലപ്പുറം സബ് ഹൈവേയോട് ചേർന്ന്, കാരാത്തോട് അങ്ങാടിക്ക് തൊട്ടടുത്താണ്, ഊരകം പഞ്ചായത്തിലെ ആദ്യത്തെ അപ്പർപ്രൈമറി സ്കൂളായി പി.എം.എസ്.എ.എം.എ.യു.പി സ്കൂൾ കാരാ ത്തോട് 1976 ൽ ജന്മമെടുത്തത് . അതുവരെ ഈ ഗ്രാമത്തിൽ ഒരു ഗവൺ മെന്റ് എൽ.പി. സ്കൂൾ മാത്രമാണ് ഉണ്ടായിരുന്നത്.

1796 മെയ് മാസത്തിൽ, ബഹുമാനപ്പെട്ട ജനാബ് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളാണ് ഈ വിദ്യാലയം ഒരു ഗ്രാമത്തിന്റെ വെളിച്ചമാക്കാൻ വേണ്ടി തുറന്നു കൊടുത്തത്. നാടിന്റെ പൗരപ്രമുഖനും ആദരണീ യനുമായ, ജനാബ് പാണ്ടിക്കടവത്ത് ഹൈദ്രു ഹാജിയാണ് ഈ വിദ്യാ ലയം, ഒരു ജനതയുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി സ്ഥാപിച്ചത്.

തുടക്കത്തിൽ 176 വിദ്യാർത്ഥികളും 6 അധ്യാപകരുമായിരുന്നു ഇവിടെ യുണ്ടായിരുന്നത്. ആ വർഷം നിലവിൽ വന്ന ഒരു പ്രത്യേക ഉത്തരവിന് ഭാഗമായി, ആരംഭത്തിൽ തന്നെ അഞ്ച്, ആറ് ക്ലാസുകൾ ഒന്ന...

നമ്മുടെ സ്കൂളിന്റെ രൂപീകരണ പ്രക്രിയയിൽ മുഖ്യ പങ്കാളി യാവുകയും, തുടർന്ന് തുടക്കം മുതൽ 1988 വരെ സ്കൂളിന്റെ പ്രധാന ധ്യാപകനായി വിരമിക്കുകയും ചെയ്ത പ്രിയപ്പെട്ട ആലസ്സൻകുട്ടി മാസ്റ്ററെ ഓർമ്മിക്കാതെ സ്കൂളിന്റെ ചരിത്രം പറയാൻ കഴിയുകയില്ലല്ലോ! അദ്ദേഹം ഇന്ന് നമ്മോടൊപ്പമില്ലെങ്കിലും, സ്കൂളിനു വേണ്ടി അദ്ദേഹം നടത്തിയ സൽപ്രർത്തികളേയും സേവനങ്ങളേയും നമുക്ക് സ്നേഹ പൂർവ്വം സ്മരിക്കാം! അതിനു ശേഷം സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്ത ശ്രീമതി സുമംഗലാമ്മ ടീച്ചർ, ശ്രീ തോമസ് മാസ്റ്റർ എന്നിവർ നടത്തിയ പ്രവർത്തനങ്ങളാണ് സ്കൂളിന് കാണുന്ന വളർച്ചയിലേക്ക് വഴിതെളിയിച്ചത്. ഇന്ന് സ്കൂളിലെ ഹെഡ്മിസ്ട്രസ് ശ്രീമതി ഉമാറാണി ടീച്ചറാണ്

അക്കാലത്തെ ഇവിടുത്തെ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പായിരുന്ന പരേതയായ ശ്രീമതി മേരി മാത്യു, ജനാബ്എം.കെ അഹമ്മദ് ഹാജി, കുന്നത്ത് മേലോത്ത ഗോപിനായർ, ഈ സ്കൂളിലെതന്നെ അധ്യാപ കനായിവിരമിച്ച പി.കെ അഹമ്മദ് മാസ്റ്റർ എന്നിവരും.. ഈ സ്കൂളിന്റെ രൂപീകരണത്തിൽ മുന്നിൽ നിന്നു പ്രവർത്തിച്ചവരായിരുന്നു. ഇവരോ ടൊപ്പം

അന്നത്തെ സാമൂഹ്യ സാംസ്കാരിക രംഗത്തുള്ളവരും പ്രദേശ ത്തെ മഹത്വ്യക്തികളുമെല്ലാം കൂട്ടായി പ്രയത്നിച്ചതിന്റെ ഫലമായാണ് കാരാത്തോട് എ.യു.പി സ്കൂൾ യാഥാർത്ഥ്യമായത്.
ആയിരക്കണക്കിനു കുട്ടികളിൽ അറിവിന്റെ വെളിച്ചമെത്തിച്ച ഈ സ്കൂൾ പിന്നിട്ടത് അഭിമാനകരമായ പലഘട്ടങ്ങളിലൂടെയാണ്. 2001 ൽ സ്കൂൾ അതിന്റെ സിൽവർ ജൂബിലി ആഘോഷിച്ചത് വളരെ പ്രൗഢോ ജ്വലമായ ചടങ്ങുകൾ സംഘടിപ്പിച്ചായിരുന്നു. പഠനത്തോടൊപ്പം പാഠ്യേ തര വിഷയങ്ങളിലും, ജില്ലാതലങ്ങളിൽ കഴിവു തെളിയിച്ച ഒട്ടേറെ പ്രതിഭകളെ നാടിനു സംഭാവന ചെയ്യാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

സ്കൂളിന്റെ സർവ്വതോമുഖമായ പുരോഗതിയിൽ മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും നിസ്സീമമായ സഹകരണമാണ് ഉണ്ടായിരുന്നത്. അതിന്റെ ഫലമായി 2014 ഫെബ്രുവരി മാസത്തിൽ അതിമനോഹരമായ ഒരു ബഹുനില കെട്ടിടം സ്കൂളിനു സ്വന്തമായി. അന്നത്തെ മുഖ്യമന്ത്രി ശ്രീമാൻ ഉമ്മൻചാണ്ടിയാണ് കെട്ടിടം ഉദ്ഘാടനം ചെയ്തത്.

ആ ചടങ്ങിൽ അധ്യക്ഷനായത് ആദരണീയനായ ജനാബ് പാണക്കാട് ഹൈദറലി ശിഹാബ് തങ്ങളായിരുന്നു. അന്നത്തെ വ്യവസായ വകുപ്പ് മന്ത്രി ജനാബ് പി. കെ.കുഞ്ഞാലികുട്ടി സാഹിബ് മുതൽ പ്രമുഖരുടേയും സാന്നിധ്യം കൊണ്ട് സമ്പന്നമായിരുന്നു പ്രസ്തുത ചടങ്ങ്. സംഘാടനം കൊണ്ട് മികവുറ്റ ആ പരപാടി ഒരു നാടിന്റെ ഉൽസവമായാ ണ് ജനങ്ങൾ ഏറ്റടുത്തത്.
ഇന്ന് വളരെ അഭിമാനത്തോടെ പറയാൻ കഴിയും ഈ വിദ്യാലയം വളർച്ചയുടെ ഉയർന്ന പാതയിലാണ് 609 വിദ്യാർത്ഥികളും 25 അധ്യാ പകരും ഒരു അനധ്യാപകനും ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഒരു പക്ഷെ വേങ്ങര സബ്ജില്ലയിലെ തന്നെ ഏറ്റവും സൗകര്യങ്ങളോടു കൂടിയ ബഹു നിലകെട്ടിട സമുച്ചത്തിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. ഇനിയും തലമുറകൾക്ക് അക്ഷരത്തിന്റെ വെളിച്ചമേകി ഒരു നാടിന്റെ അണയാത്ത കൈത്തിരി നാളമാകാനുള്ള ദൗത്യമാണ് ഈ വിദ്യാലയവും അതിന്റെ സമൂഹവും ഏറ്റെടുക്കാൻ പോകുന്നത്.

# സമഗ്ര ഗുണ മേൻമാ വിദ്യാഭ്യാസ പദ്ധതി

# 2025-26

## പാഠ്യേതരപ്രവർത്തനങ്ങളുടെ വിഷയങ്ങൾ

* ജൂൺ രണ്ട് -പ്രവേശനോത്സവം

* ജൂൺ മൂന്ന് -പൊതുകാര്യങ്ങൾ, മയക്കുമരുന്ന്, ലഹരി ഉപയോഗത്തിനെതിരേ

*ജൂൺ നാല് -ട്രാഫിക് നിയമങ്ങൾ

* ജൂൺ അഞ്ച് -ശുചിത്വം

* ജൂൺ ഒൻപത് -ആരോഗ്യം, കായികക്ഷമത

*ജൂൺ 10- ഡിജിറ്റൽ അച്ചടക്കം

*ജൂൺ 11 -പൊതുമുതൽ സംരക്ഷണം

* ജൂൺ 12-പരസ്പര സഹകരണത്തിൻറെ പ്രാധാന്യം, റാഗിങ്

* ജൂൺ 13- പൊതു ക്രോഡീകരണം

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം - അവലോകനം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 2025-26 അധ്യയന വർഷത്തിൽ പ്രവേശനോത്സവം കഴിഞ്ഞ ദിവസം മുതൽ ജൂൺ 13 വരെ കുട്ടികളിൽ ധാർമിക മൂല്യമുള്ള സ്വഭാവ വിശേഷങ്ങൾ വളർത്തിയെടുക്കുക ലക്ഷ്യം വെച്ചുകൊണ്ട് നിരവധി പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**ജൂൺ 3**

**മയക്കമരുന്ന് ലഹരി ഉപയോഗത്തിന് എതിരായുള്ള പ്രവർത്തനങ്ങൾ**

കുട്ടികളെ ഏറ്റവും കൂടുതലായി വഴി തെറ്റിക്കുന്ന മയക്ക് മരുന്ന് ലഹരിയ്ക്കെതിരെ ബോധവൽക്കരണം നടത്തുകയും സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ, ഫ്ലാഷ് മോബ് ,ലഹരി ബോധവൽക്കരണ പ്രസംഗം എന്നിവ നടത്തുകയുണ്ടായി.

**ജൂൺ 4 ട്രാഫിക് നിയമങ്ങൾ**

വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ട്രാഫിക് നിയമങ്ങളെ കുറിച്ചുള്ള അറിവ് പകർന്നു നൽകുന്നതിനായി യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ജെ ആർ സി ,സ്കൗട്ട് യൂണിറ്റുകൾ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു .ട്രാഫിക് നിയമങ്ങളും ചിഹ്നങ്ങളും കുട്ടികളെ പരിചയപ്പെടുത്തി.

**ജൂൺ 5 ശുചിത്വം**

സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കി .വിദ്യാർഥികൾ,മാലിന്യങ്ങൾ, പ്ലാസ്റ്റിക് ,ഫുഡ് വേസ്റ്റ് എന്നിവ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം കുട്ടികളെ പരിചയപ്പെടുത്തി വിദ്യാലയ പരിസരം ശുചീകരിച്ചു.

## ജൂൺ 9 ആരോഗ്യം കായികക്ഷമത

നല്ല ഭക്ഷണം ആരോഗ്യത്തിന് ആശയം കുട്ടികളിൽ പ്രചരിപ്പിച്ച പ്രത്യേക അസംബ്ലി ആരോഗ്യപരമായ വളർച്ച വ്യായാമം എന്നിവയുടെ പ്രാധാന്യം കുട്ടികളെ ബോധിപ്പിക്കുകയും മ്യൂസിക് എക്സർസൈസ് നടത്തുകയും ചെയ്തു.

## ജൂൺ 10 ഡിജിറ്റൽ അച്ചടക്കം

ഡിജിറ്റൽ ഉപകരണങ്ങളുടെ പരിമിതമായ ഉപയോഗം ആരോഗ്യത്തിന്- ഇതായിരുന്നു ലക്ഷ്യം കുട്ടികൾ ഏറ്റവും കൂടുതൽ സമയം ദുരുപയോഗം ചെയ്യുന്ന മേഖലയാണ് ഇന്റർനെറ്റ്. പഠനോപകരണമായും വിനോദത്തിന് മാത്രം ഉപയോഗിക്കുന്ന ഉപകരണമായി മൊബൈൽ ഫോൺ ഉപയോഗിക്കണമെന്നും മൊബൈൽ ഫോൺ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ പ്രകടമാക്കുന്ന വീഡിയോ പ്രദർശനവും നടത്തി.

## ജൂൺ 11 പൊതുമുതൽ സംരക്ഷണം

ജലാശയങ്ങൾ കിണറുകൾ റോഡുകൾ സ്ഥാപനങ്ങൾ വിദ്യാലയത്തിലെ സ്ഥാപര ജംഗമ വസ്തുക്കൾ വസ്തുക്കൾ എന്നിവ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന ബോധം കുട്ടികളിൽ വളർത്തി.

## ജൂൺ 12 പരസ്പര സഹകരണം

സഹകരണമനോഭാവം കുട്ടികളിൽ വളർത്തിയെടുക്കാനായി ബോധവൽക്കരണ ക്ലാസും , വീഡിയോ പ്രദർശനവും നടത്തി.

## ജൂൺ 13 പൊതു ക്രോഡീകരണം

ജൂൺ 2 മുതൽ ജൂൺ 12 വരെയുള്ള പ്രവർത്തനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു നിയമാവലി തയ്യാറാക്കുകയും ഇത് കുട്ടികളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിധത്തിൽ സ്കൂളിൽ പ്രചരിപ്പിക്കാനും തീരുമാനിച്ചു. കൂടാതെ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ ആസ്വദനം ചെയ്യുകയും എല്ലാ കുട്ടികളിലും ഇടയ്ക്കിടെ ഇത്തരം പ്രവർത്തനങ്ങളുടെ ബോധവൽക്കരണം കുട്ടികളിൽ ഉണ്ടാക്കിയെടുക്കാനും തീരുമാനിച്ചു.

| അധ്യാപകരും വിവരങ്ങളും 2025-2026 | | |
|---|---|---|
| **SL. No** | **Name of Employee** | **Designation** |
| 1 | ASHRAF .P. | HEAD MASTER |
| 2 | SUNIL KUMAR.K. | UPST |
| 3 | SURESH BABU .N. | UPST |
| 4 | KUNHALANKUTTY.P.K. | UPST |
| 5 | SHEEBA .K. | UPST |
| 6 | BINU .M. | UPST |
| 7 | NISHA .P.K. | UPST |
| 8 | SONIYA .E.M. | UPST |
| 9 | SHEEBA .M. | UPST |
| 10 | SAUDABI .K.M. | UPST |
| 11 | SUBITHA .C. | UPST |
| 12 | SUJEENA.K | UPST |
| 13 | NEENA.M.S | UPST |
| 14 | YOOSUF.K | UPST |
| 15 | SMITHA.K | UPST |
| 16 | JUMALAISA.P | UPST |
| 17 | SMRTHI NATH.P.K | UPST |
| 18 | SHIBNA.KV | UPST |
| 19 | SHAMEEMA. K.P | UPST |
| 20 | RINFA.M | UPST |
| 21 | REEMA.T | UPST |
| 22 | MUHAMMED NUVAS HUSSAIN.K | UPST |
| 23 | AMEEN.K.P | F.T. ARABIC |
| 24 | MUNAWIR.K.V | F.T. ARABIC |
| 25 | SALEEMA.P | F.T. ARABIC |
| 26 | MOHAMED .K.K | F.T. URDU |
| 27 | ARIFA .V.P. | F.T. URDU |
| 28 | ARAVIND SARMA.M.R | P.T. SANSKRIT |
| 29 | MARAKKAR .V. | F.T HINDI |
| 30 | PRASIDHA .M. | F.T HINDI |
| 31 | FEBIN.K.P | F.T HINDI |
| 32 | AHAMED NISAM .P. | PET |
| 33 | SHARAFUDHEEN.M. | OA |
| 34 | MOHAMED FAISAHAN.T.K | UPST |
| 35 | MUJEEB RAHMAN.M.K | UPST |

| ഭൗതികം | സാമൂഹികം |
| --- | --- |
| • ക്ലാസ് മുറികൾ<br>• ഓഫീസ് മുറി<br>• സ്റ്റാഫ് മുറി<br>• വിശ്രമ മുറി<br>• കമ്പ്യൂട്ടർ റൂം<br>• ലൈബ്രറി<br>• അടുക്കള<br>• ഡൈനിംഗ് ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ടോയ്‌ലറ്റ്<br>• ചിത്രരചന<br>• ജന്മ ദിനത്തിൽ ഒരു പുസ്തകം<br>• വീട്ടിലും കൃഷിത്തോട്ടം | പി.ടി. എ ശക്തിപ്പെടുത്തൽ എസ്.എം.സി<br>ശക്തിപ്പെടുത്തൽ ക്ലാസ്, പി.ടി, എ<br>മാതൃകാപരമാക്കുക വിദ്യാലയ മികവുകൾ പൊതു സമൂഹത്തിന്<br><br>പ്രാദേശിക പി.ടി.എ |

# മലയാളം

| പ്രശ്നങ്ങൾ | പ്രശ്ന പരിഹാരങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾ | നിരന്തര പരിശീലനവും വ്യക്തിഗത പതിപ്പ് നിർമ്മാണവും.<br>• കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി മത്സരങ്ങൾ ,ക്യാമ്പുകൾ | 2025-26 | 1500 | PTA and Executive |
| സാഹിത്യാഭിരുചിയിലും സർഗശേഷിയിലും ഉള്ള ശേഷി കുറവ് | കുട്ടീസ് റേഡിയോ പരിപാടി | 2025-26 | ----- | PTA and Executive |
| വായനാശീല കുറവ് | സ്കൂൾ ലൈബ്രറിയിലൂടെ കുട്ടികളുടെ വായനാശീലം വളർത്താനായി പാഠഭാഗവുമായി ബന്ധപ്പെട്ട കൃതികൾ വായിക്കാനവസരം, പതിപ്പനിർമാണം | 2025-26 | ----- | PTA and Executive |
| | പഠനയാത്ര | 2025-26 | 3000 | PTA and Executive |

# ഉറുദു

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ ശേഷി വർധിപ്പിക്കുന്നതിനു ള്ള സാഹചര്യം ക്ലാസ്സ് റൂമിൽ ഒരുക്കുക. | എഴുത്തു കൂട്ടം, പതിപ്പ് നിർമാണം, വായന കാർഡ്, ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ, ഭാഷ കളികൾ. | 12 മാസം |
| കരി കുലം ലക്ഷ്യം വെക്കുന്ന ഉർദു ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക. | വായന മത്സരം, ക്ലാസ്സ് ലൈബ്രറി, വായന കുറിപ്പുകൾ, ചിത്ര ശേഖരണം. | 6 മാസം |
| ഉർദു പൊതു വിജ്ഞാനം വർധിപ്പിക്കൽ. | പൊതുവായതും ഉറുദുവിൽ \| ഉള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്ലാസ്സ് തല ക്വിസ് മത്സരം സംഘടിപ്പിക്കൽ<br>ടാലെന്റ്റ് മീറ്റ്, അക്ഷര മരം, എന്റെ പതിപ്പ്<br>ഹാമാരി സബാൻ ഉർദു ദിനം | ടെമിൽ 1 വീതം<br>നവംബർ 9 |

# PMSAMAUPS KARATHODE

## അക്കാഡമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന<br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക . വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാ ശീലം വളർത്തുക, നല്ല വായനക്കാരനാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ,ചിത്രകഥകൾ.... ... വായനാമൂല സ്ഥാപിക്കുന്നു. | 6 മാസം ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സ്പോൺസർഷിപ്പ് |
| എഴുത്ത്<br><br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സ് കയ്യെഴുത്തു മാഗസിൻ നിർമിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു | 2 മാസം സെപ്റ്റംബർ-നവംബർ | | അധ്യാപകർ,രക്ഷിതാക്കൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| <u>**അറബി ഭാഷാ ലാബ്**</u> | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | ഡിസംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ, ബി ആർ സി, ഡയറ്റ്,പൂർവ്വ വിദ്യാർത്ഥികൾ,PTA |
| <u>**അറബിക് ഫെസ്റ്റ്**</u><br><br>അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ | അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, വിഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ഡിസംബർ | | |

| | | | | |
|---|---|---|---|---|
| <u>ദിനാചരണങ്ങൾ</u><br><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണർത്തുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു . | നവംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| <u>ആസ്വാദനം</u> | IT സാധ്യതകളെ ഉപയോഗപ്പെടുത്തി കഥാ,കവിത,അനിമേഷൻ, ഷോർട് വിഡിയോകൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **<u>ഉൾച്ചേർന്ന വിദ്യാഭ്യാസം</u>**<br><br>ഭിന്നശേഷി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br><br>5,6,7 ക്ളാസ്സുകളിലെ കുട്ടികളുടെ നിലവാരം മനസിലാക്കുക | വ്യത്യസ്ത തരം പസ്സിലുകൾ, നിറം നൽകൽ, അക്ഷര കാർഡുകൾ, വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തങ്ങൾ<br><br>പ്രീ ടെസ്റ്റ് നടത്തുക , അടിസ്ഥാന പാഠങ്ങൾ പഠിപ്പിക്കുന്നു. | 1 അധ്യയന വർഷം<br><br>ജൂൺ മാസം | കളറുകൾ, ചാർട്ട് പേപ്പറുകൾ, വിവിധ പസിലുകൾ<br><br>പാഠ പുസ്തകങ്ങൾ | രക്ഷിതാക്കൾ, അധ്യാപകർ<br><br>അധ്യാപകർ |
| **<u>പ്രതിഭകളെ കണ്ടെത്തൽ</u>** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിൽ മുഴുവൻ ഇങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | പോസ്റ്ററുകൾ | അധ്യാപകർ |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഏജൻസി |
|---|---|---|---|
| സംസ്കൃതം അക്ഷരങ്ങൾ ഉറപ്പിക്കൽ | ഭാഷ ജ്ഞാനം:<br>അക്ഷരം എഴുത്ത്.<br>ചിഹ്നം ഉറപ്പിക്കൽ.<br>അക്ഷര കാർഡ്.<br>വാക്കുകൾ എഴുതിയ കാർഡ്.<br>ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>അക്ഷരമാല കളികൾ.<br>അക്ഷരമരം നിർമ്മിക്കൽ.<br>കാർട്ടൂൺ പ്രദർശനം.<br>പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് | സംസ്കൃതം ക്ലബ്<br>&<br>PTA |
| വീട് ഒരു പരീക്ഷണ ശാല -വസ്തുക്കളുടെ പേര് പഠിക്കൽ | പറയാം പഠിക്കാം<br>ചിത്രങ്ങളുടെ പേര് പറയൽ<br>വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പട്ടികപ്പെടുത്തുക<br>ഐസിടിയുടെ സഹായത്തോടെ വസ്തുക്കളെ സംസ്കൃത ഭാഷയിൽ പരിചയപ്പെടുക | 2025-26 | സംസ്കൃതം ക്ലബ്<br>&<br>PTA |

# ഇംഗ്ലീഷ്

| പ്രശ്നങ്ങൾ | പ്രശ്ന പരിഹാരങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| Lack of exhibiting the writing skills of students. | English Radio - Enhancing the talents through radio presentation<br><br>Word gallery - Distributing English words to all groups. To improve the vocabulary.<br><br>Preparing word dictionary. | 2025-26 | 3000 | English club, PTA & Executive |
| Lack of the use of English language due to the unfamiliarity of vocabulary | Communicative English practice - Developing English communication capacity.<br><br>Reading competition<br>Poem recitation | 2025-26 | 4000 | English club, PTA & Executive |

# ഹിന്ദി

| പ്രശ്നങ്ങൾ | പ്രശ്ന പരിഹാരങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികളിലെ വായനശീലം ഇല്ലായ്മ | വയനാദിനം -കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായുള്ള വിവിധ പാഠ്യപ്രവർത്തനങ്ങൾ<br>അഞ്ചാം ക്ലാസിൽ ഹിന്ദി ക്ലബ്ബ് രൂപീകരണം-ഹിന്ദി ഹിന്ദി ഭാഷയുടെ പ്രാധാന്യം കുട്ടികളിൽ ബോധവൽക്കരിക്കാൻ ഉള്ള പ്രവർത്തനം | 2025-26 | 2000 | PTA& Finance committee |
| ഹിന്ദി ഭാഷയെ കുറിച്ചുള്ള ധാരണ ഇല്ലായ്മ | ഹിന്ദി നാടകോത്സവം<br>അഭിനയ പരിശീലനം<br>ഹിന്ദി പതിപ്പ് നിർമ്മാണം | 2025-26 | 4000 | PTA& Finance committee |

# <u>അടിസ്ഥാന ശാസ്ത്രം</u>

| പ്രശ്നങ്ങൾ | പ്രശ്ന പരിഹാരങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1.കുട്ടികൾക്ക് അടിസ്ഥാനപരമായ ശാസ്ത്ര അറിവുകളുടെ കുറവ് | **<u>ശാസ്ത്രത്തെ അറിയാം</u>**<br>സമഗ്ര ഗുണമേന്മാവിദ്യാഭ്യാസത്തിൻ്റെ ഭാഗമായി, അടിസ്ഥാനപരമായ ശാസ്ത്ര അറിവുകൾ കുട്ടികൾ നേടുക എന്ന ലക്ഷ്യത്തോടെ, Module ചിട്ടപ്പെടുത്തി അതിനനുസരിച്ച് ക്ലാസ്സുകൾ എടുക്കുന്നു. | ജൂൺ - ജൂലൈ 2025 | ഇല്ല | സയൻസ് ക്ലബ്ബ് |
| 2.പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ (ചിത്രങ്ങൾ, കുറിപ്പുകൾ, മോഡലുകൾ, വാർത്തകൾ തുടങ്ങിയവ) കണ്ടും വായിച്ചും അറിയാൻ അവസരം ഇല്ലായ്മ | **<u>ശാസ്ത്ര വിസ്മയ ചുമർ</u>**<br>ശാസ്ത്രപാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ശാസ്ത്ര ചുമർ എല്ലാ ക്ലാസ്സിലും നിർമിക്കുന്നു. | ജൂലൈ 2025 | 2000/- | സയൻസ് ക്ലബ്ബ് |
| 3.പ്രധാനപ്പെട്ട ശാസ്ത്രജ്ഞരെ കുറിച്ച് ധാരണ കുറവ് | **<u>ശാസ്ത്രജ്ഞരെ കണ്ടറിയാം</u>**<br>സ്കൂളിൻ്റെ വിവിധ ഭാഗങ്ങളിൽ ആയി ശാസ്ത്രജ്ഞരുടെ ലഘു വിവരണത്തോടെ Photo പതിച്ച ഫ്രെയിമുകൾ തൂക്കുന്നു. | ജൂലൈ 2025 | 3000/- | പി.ടി.എ |

# അടിസ്ഥാന ശാസ്ത്രം

| | | | | |
|---|---|---|---|---|
| 4. കുട്ടികൾക്ക് ഉണ്ടാകുന്ന ക്ലാസ്സ് റൂ പഠന വിരസത, നേരിട്ട് വിവരങ്ങൾ അനുഭവിച്ചറിയാൻ ഉള്ള അവസരമില്ലായ്മ | **കണ്ടറിയാം തൊട്ടറിയാം**<br>ശാസ്ത്ര പ്രാധാന്യം ഉള്ള സ്ഥലങ്ങളിലേ പഠന യാത്ര നടത്തുക. | ആഗസ്റ്റ് 2025 | ഒരു കുട്ടിയ്ക്ക് 200 | പി.ടി.എ & രക്ഷിതാക്കൾ |
| 5. കുട്ടികൾക്ക് പഠനോപകരണങ്ങൾ നിർമിക്കാനും ശാസ്ത്ര ആശയങ്ങൾ പ്രവർത്തനങ്ങളിലൂടെ അനുഭവിച്ചറിയാനും ഉള്ള അവസരമില്ലായ്മ | **സഹവാസ ക്യാമ്പ്**<br>കുട്ടികൾക്കായി പഠനോപകരണ ശിൽപശാല നടത്തുന്നു. | ഡിസംബർ 2025 | ഒരു കുട്ടിയ്ക്ക് 100 | പി.ടി.എ & രക്ഷിതാക്കൾ |
| 6. കുട്ടികൾക്ക് ലഭ്യമായ ശാസ്ത്ര അറിവുകൾ പ്രയോജനപ്പെടുത്തി സ്വയം കണ്ടുപിടിത്തങ്ങൾ അവതരിപ്പിക്കാനുള്ള അവസര കുറവ്. | **കുട്ടിശാസ്ത്രജ്ഞർ**<br>കുട്ടികൾ തയ്യാറാക്കിയ നൂതന ശാസ്ത്ര ഉപകരണങ്ങളും പരീക്ഷണങ്ങളും അവതരിപ്പിക്കാനുള്ള വേദി ഒരുക്കുന്നു, മികച്ച പ്രകടനങ്ങൾക്ക് സമ്മാനങ്ങൾ നൽകി കൊണ്ട് കുട്ടികളിലെ ശാസ്ത്ര അന്വേഷണാത്മകതയ്ക്ക് താൽപര്യവും വളർത്തുന്നു. | ആഗസ്റ്റ് 2025 | ഇല്ല | സയൻസ് ക്ലബ്ബ് |

# അടിസ്ഥാന ശാസ്ത്രം

| | | | | |
|---|---|---|---|---|
| 7.പാഠഭാഗവുമായി ബന്ധപ്പെട്ട് നക്ഷത്രങ്ങളെ കുറിച്ചും മറ്റും ഉള്ള അറിവുകൾ നേരിട്ട് കണ്ടറിയാൻ അവസരമില്ലായ്മ | **ആകാശത്തേക്കൊരു യാത്ര** പാഠഭാഗവുമായി ബന്ധപ്പെടുത്തി വാനനിരീക്ഷണത്തിന് അവസരം ഒരുക്കുന്നു. | ജനുവരി 2026 | 4000/- | സയൻസ് ക്ലബ്ബ് |

# സോഷ്യൽ സയൻസ്

| പ്രശ്നങ്ങൾ | പ്രശ്ന പരിഹാരങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനോപകരണങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ. | വർക്ക്ഷോപ്പ് - സോഷ്യൽ സയൻസ് വിഷയവുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ്. | 2025 -26 | 4000 | PTA & Finance committee |
| സമകാലിക വിഷയങ്ങളെ ക്കുറിച്ചുള്ള ധാരണക്കുറവ്. | അറിവ് ഉത്സവം-എല്ലാ തിങ്കളാഴ്ചയും 10 ചോദ്യങ്ങളും ഉത്തരങ്ങളും കുട്ടികൾക്ക് നൽകുന്നു. ഓരോ ഇവാല്യവേഷൻ മുമ്പായി എഴുത്തു പരീക്ഷ നടത്തുന്നു. | 2025-26 | 3000 | PTA & Finance committee |
| സഹജീവികളോടുള്ള മനോഭാവം,മൂല്യങ്ങൾ എന്നിവയിലുള്ള ശേഷിക്കുറവ് | "നന്മയുടെ നറുങ്ങുവെട്ടം" എന്ന കാരുണ്യ പദ്ധതിയിലൂടെ കുട്ടികളിൽ മൂല്യങ്ങളും സഹജീവി സ്നേഹവും വളർത്തിയെടുക്കുന്നു. | 2025-26 | 6000 | PTA & Finance committee |

| ഗണിത ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഗണിത പഠനപ്രവത്തനങ്ങൾ എളുപ്പമാക്കാൻ | ഗണിത ലാബ് : വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബിലെ അംഗങ്ങൾ | ഗണിത ക്ലബ്, **PTA** |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു . | ഗണിത ശില്പശാല<br><br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | **PTA** |
| ഗണിതശാസ്ത്ര ആശയത്തെ കുറിച്ചുള്ള അറിവും ഗ്രാഹ്യവും വിലയിരുത്തൽ, ഗണിതത്തിൽ ആത്മവിശ്വാസം വളർത്തുകയും പോസിറ്റീവ് മനോഭാവം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക | ഗണിത ക്വിസ് : രണ്ടാഴ്ച കൂടുമ്പോൾ വൈറ്റ് ബോർഡിൽ ഗണിത ചോദ്യങ്ങൾ എഴുതുന്നു. ഉത്തരം കുട്ടികൾ പേപ്പറിൽ എഴുതി ബോക്സിൽ നിക്ഷേപിക്കുന്നു. അതിൽ നിന്ന് വിജയിയെ കണ്ടെത്തുന്നു. വർഷാവസാനത്തിൽ ഗണിത മെഗാ ക്വിസ് നടത്തുന്നു. | ഒരു വർഷം | ഗണിത അധ്യാപകർ | ഗണിത ക്ലബ് |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്: ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്നു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകർ | ഗണിത ക്ലബ് |

# സ്പോർട്സ്

| **പ്രശ്നങ്ങൾ** | **കാലയളവ്** | **സാമ്പത്തികം & ഏജൻസി** |
|---|---|---|
| വോളിബാൾ കോച്ചിങ് | 2025-26 | PTA |
| ക്രിക്കറ്റ് കോച്ചിങ് | 2025-26 | PTA |
| ഫുട്ബോൾ men ആൻഡ് വുമൺ കോച്ചിങ് | 2025-26 | PTA |
| ഷട്ടിൽ ബാഡ്മിന്റൺ men ആൻഡ് വുമൺ | 2025-26 | PTA |
| ഖോ ഖോ ഫോർ സുബ്ജൂനിയർ വുമൺ | 2025-26 | PTA |
| സ്കൂൾ കായികമേള (ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ or നവംബർ ) ഈ വരുന്ന മാസത്തിൽ | 2025-26 | PTA |
| ഇന്റർ ക്ലാസ്സ് ത്രോ ബോൾ ഫോർ വുമൺ ഡിസംബർ | 2025-26 | PTA |
| ഇന്റർ ക്ലാസ്സ് ഫുട്ബോൾ ഫോർ men ജനുവരി | 2025-26 | PTA |

# പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

>ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുക.

> വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.

> സ്കൂൾ സമൂഹത്തിന്റെ പരിച്ഛേദമാണെന്ന ആശയം സാക്ഷാത്കരി ക്കുന്നു.

>മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുക.

> വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവണതകൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിറ്ററിമംഗ് രീതി

ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്ത മാക്കുന്നു.

## സോഷ്യൽ മോണിറ്ററിംഗ്

പി.ടി.എ , എം.ടി. എ , എസ്.എസ്.ജി, എസ്. ആർ. ജി , ഒ. എസ്. എ. എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

## ദൈനം ദിന മോണിറ്ററിംഗ്

ഹെഡ്മാസ്റ്റർ, എസ്.ആർ.ജി കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

# ഉപസംഹാരം

കേരളം ഇന്നോളം നേടിയെടുത്ത പുരോഗതിയ്ക്ക് അടിസ്ഥാനം നമുക്ക് ലഭിച്ച വിദ്യാഭ്യാസമാണ്. ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് വികസിത രാജ്യങ്ങൾക്കൊപ്പം മുന്നേറിയിരുന്ന നമ്മൾ ഇന്ന് ധാരാളം വെല്ലുവിളികൾ നേരിടുന്നു. കേരളത്തിന്റെ നവോഥാന മൂല്യങ്ങൾ തകർക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ഏതൊക്കെയോ കോണിൽ നിന്നും പുറത്തു വരുന്നുണ്ട്. മനുഷ്യത്വമുള്ള ഒരു വ്യക്തിയെ സൃഷ്ടിച്ചെടുക്കുക എന്നതാണല്ലോ വിദ്യാഭ്യാസ ത്തിന്റെ അടിസ്ഥാന ലക്ഷ്യം ലോകത്ത് മൊത്തം നടക്കുന്ന സ്വകാര്യവത്ക്കരണം വിദ്യാഭ്യാസ മേഖലയേയും ബാധിച്ചിരിക്കുന്നു. വല്ലാതെ വിദ്യാഭ്യാസം പണമുള്ളവന് മാത്രം നേടാൻ കഴിയുന്ന ഒന്നല്ലെന്നും, അത് ഏതൊരു സാധാരണ അവകാശമാണെന്നുമുള്ള സത്യം പൗരനും ലഭിക്കേണ്ട തിരിച്ചറിഞ്ഞു കൊണ്ട് നടപ്പിലാക്കുന്ന കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. നന്മകളായാൽ സമ്പുഷ്ടമായ നമ്മുടെ വിദ്യാലയങ്ങളുടെ തനിമയും പൈതൃകവും കാത്തു സൂക്ഷിക്കു വാൻ ഈ വികസന രേഖ പ്രയോജനപ്പെടുമെന്ന് ആത്മാർ ത്ഥമായി പ്രതീക്ഷിക്കുന്നു.